നാണ്യവിളകളുടേയും ഭക്ഷ്യവിളകളുടേയും ഉല്പാദനം

97 (7394) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാണ്യവിളകളുടേയും ഭക്ഷ്യവിളകളുടേയും ഉല്പാദനത്തിന്റെ വിശദവിവരങ്ങൾ നൽകുമോ ;

(ബി) 2012-13 കാലയളവിൽ നെല്ലുല്പാദനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ നെൽക്കൃഷിയുടെ ഉല്പാദനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	ഉൽപ്പാദനം (മെ. ടൺ)
2011-2012	568993
2012-2013	508299
2013-2014	കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല.

പച്ചക്കറി ഉല്പാദനത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു:

വർഷം	ഉൽപ്പാദനം (മെ. ടൺ)
2011-2012	8.25
2012-2013	9.11
2013-2014	11.91

(ബി) ഉണ്ട്. 2011-12-ൽ നെല്ലിന്റെ ഉൽപ്പാദനം 568993 മെ. ടൺ ആയിരുന്നത് 2012-13 ആയപ്പോൾ 508299 ആയി കുറയുകയുണ്ടായി. ആയതിനുള്ള പ്രധാന കാരണം 2011-12-ലെ നെല്ലിന്റെ വിസ്തീർണ്ണത്തിൽ നിന്ന് 2012-13 ആയപ്പോൾ 10883 ഹെക്ടറിന്റെ കുറവ് വന്നിട്ടുണ്ട്. ഇതിന് ആനുപാതികമായി ഉൽപ്പാദനം 60694 ടൺ കുറയുകയുണ്ടായി. ഇതിനും പുറമെ 2012-2013 വർഷം 16338.3 ഹെക്ടർ നെൽക്കൃഷിക്ക് വരൾച്ചമൂലം നാശം സംഭവിച്ചിട്ടുണ്ട്. 2013-2014-ലെ ഉൽപ്പാദനത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം ഉൽപ്പാദനം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly